ഔദ്യോഗികമായി അറിയിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നതാണ്. നമ്മുടെ മേജർ അതിഭദ്രാസന അസംബ്ലിയുടെ വിജയത്തിനായി എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കുകയും യത്നിക്കുകയും ചെയ്യണമെന്ന് ഓർമ്മിപ്പിക്കുന്നു. നമ്മുടെ മേജർ അതിഭദ്രാസനത്തിലെ എല്ലാ കുടുംബങ്ങളിലും ദൈവീക കൃപ നിറയുന്ന അനുഭവത്തിനായി നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

സർവ്വശക്തനായ ദൈവം നിങ്ങളെ എല്ലാവരെയും ധാരാളമായി അനുഗ്രഹിക്കട്ടെ!

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.
തിരുവനന്തപുരം മേജർ ആർച്ചുബിഷപ്പ്.

---

*N.B: ഈ സർക്കുലർ അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും, ആരാധനാ കേന്ദ്രങ്ങളിലും വായിക്കേണ്ടതാണ്.*



# THE SYRO-MALANKARA CATHOLIC CHURCH
## MAJOR ARCHDIOCESE OF TRIVANDRUM

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos

Major Archbishop's House
Pattom, Trivandrum-695004

No. CL-TVM 4/2019 — 15 May 2019

### മേജർ അതിഭദ്രാസന അസംബ്ലി – 2019

വന്ദ്യവൈദികരേ, ശെമ്മാശന്മാരേ, ബഹു. സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയായി ഉയർത്തപ്പെട്ട മലങ്കര സുറിയാനി കത്തോലിക്കാ സഭ അതിന്റെ കടമകളും ഉത്തരവാദിത്വങ്ങളും പൂർണ്ണമായി നിറവേറ്റുവാൻ എന്നും പ്രതിജ്ഞാബദ്ധമാണ്. മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ കടമയാണ് അഞ്ചുവർത്തിലൊരിക്കൽ സഭാ അസംബ്ലി വിളിച്ചു കൂട്ടുക എന്നത്. അതിൻപ്രകാരം നമ്മുടെ സഭയുടെ ദ്വിതീയ സഭാ അസംബ്ലി 2019 ഒക്ടോബർ 8, 9 തീയതികളിൽ വിളിച്ചുകൂട്ടുന്നതിനുള്ള പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനം ഞാൻ ഏവരെയും അറിയിച്ചിരുന്നല്ലോ (Prot. No. CPL 1/2019). 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്നതാണ് അസംബ്ലി ചർച്ച ചെയ്യുന്ന വിഷയം.

പൗരസ്ത്യ സഭകൾക്കായുള്ള കാനൻ നിയമപ്രകാരം സഭാ അസംബ്ലിക്ക് മുന്നോടിയായുള്ള ഭദ്രാസന അസംബ്ലികൾ നടക്കേണ്ടതുണ്ട്. സഭാതലയോഗം ഫലപ്രദമാകുവാൻ ഈ ക്രമീകരണം സഹായിക്കും. **നമ്മുടെ മേജർ അതിഭദ്രാസന അസംബ്ലി 2019 ജൂലൈ 23, 24 തീയതികളിൽ വിളിച്ചുകൂട്ടുന്നതാണെന്ന്** ഏവരേയും സന്തോഷത്തോടെ ഞാൻ അറിയിക്കുന്നു. സഭയുടെ അടിയന്തിരശ്രദ്ധ

തിരിയുന്ന ഈ അസംബ്ലിയിലൂടെ ദൈവീക കൃപകൾ ലഭിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം.

'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന അസംബ്ലിയുടെ പഠന രേഖ (*Lineamenta*) അച്ചടിച്ച് വിതരണം ചെയ്തിട്ടുണ്ട്. നമ്മുടെ എല്ലാ ഇടവകകളും കുടുംബങ്ങളും ഭക്തസംഘടനകളും പ്രാർത്ഥനായോഗങ്ങളും, അസംബ്ലിയെക്കുറിച്ച് അവബോധമുള്ളവരും സർവ്വോപരി അസംബ്ലി ചർച്ച ചെയ്യുന്ന 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന വിഷയത്തിന്റെ വിവിധ മാനങ്ങൾ ആഴത്തിൽ മനസിലാക്കി അത് ജീവിതത്തിൽ പ്രാവർത്തികമാക്കുന്നവരുമായിത്തീരണമെന്ന് എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. അസംബ്ലിയുടെ വിജയത്തിനായി ഏവരും പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു.

**2019 ജൂലൈ 23, 24 തീയതികളിൽ തിരുവനന്തപുരത്ത് മാർ ഗ്രിഗോറിയോസ് റിന്യൂവൽ സെന്ററിൽ വച്ചാണ് നമ്മുടെ മേജർ അതിഭദ്രാസന അസംബ്ലി നടക്കുന്നത്.** ഇതിന്റെ ഒരുക്കമായി നമ്മുടെ എല്ലാ പള്ളികളിലും മിഷൻ കേന്ദ്രങ്ങളിലും അസംബ്ലിയുടെ സന്ദേശം എത്തിക്കുന്നതിന് ഏവരും ശ്രദ്ധിക്കേണ്ടതാണ്. ബഹു. വൈദികർ 'കൃപ നിറയുന്ന കുടുംബങ്ങൾ' എന്ന വിഷയം ഇടവകതലത്തിൽ ഫലപ്രദമായി അവതരിപ്പിക്കാൻ ശ്രദ്ധിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കട്ടെ. നമ്മുടെ എല്ലാ ഇടവകകളിലും മതബോധനരംഗം, യുവജനപ്രേഷിതരംഗം, കുടുംബപ്രേഷിതരംഗം, അൽമായപ്രേഷിതരംഗം മറ്റു ഭക്തസംഘടനകൾ എന്നിവയുടെ പ്രത്യേക ഒത്തുചേരലുകളിലൂടെ സഭാംഗങ്ങളിൽ അവബോധവും തീക്ഷ്ണതയും വർദ്ധിപ്പിക്കുവാൻ പരിശ്രമിക്കണമെന്നും ഓർമ്മിപ്പിക്കുന്നു. മേജർ അതിഭദ്രാസനത്തിലെ എല്ലാ ഇടവകകളിലും വി. കുർബാനയ്ക്കുശേഷം അസംബ്ലിയുടെ വിജയത്തിനായുള്ള പ്രാർത്ഥന പ്രത്യേകം നടത്തേണ്ടതാണ്.

പൗരസ്ത്യ സഭകൾക്കായുള്ള കാനൻ നിയമസംഹിതയിൽ (CCEO) ഭദ്രാസന അസംബ്ലിയെ സംബന്ധിച്ച് നൽകപ്പെട്ടിരിക്കുന്ന



കാനോനകൾക്ക് അനുസരിച്ചായിരിക്കും മേജർ അതിഭദ്രാസന അസംബ്ലി നടത്തപ്പെടുന്നത്. കാനോന (CCEO) 238 പ്രകാരം ഭദ്രാസനാദ്ധ്യക്ഷന് പുറമേ മുഖ്യവികാരി ജനറാൾ, വികാരി ജനറാൾ, ചാൻസിലർ, ജൂഡീഷ്യൽ വികാരി, പ്രൊക്യുറേറ്റർ, അസോ. പ്രൊക്യുറേറ്റർ, മേജർ അതിഭദ്രാസന ആലോചനാസമിതി അംഗങ്ങൾ, മൈനർ സെമിനാരിയുടെ റെക്ടർ, ജില്ലാ വികാരിമാർ, വൈദികജില്ലകളിൽ നിന്നു തെരഞ്ഞെടുക്കപ്പെടുന്ന ഓരോ വൈദികർ (ജില്ലാ വികാരിമാർക്ക് പുറമേ), പ്രെസ്ബിറ്ററൽ കൗൺസിൽ അംഗങ്ങൾ, മേജർ അതിഭദ്രാസന അജപാലന സമിതി അംഗങ്ങൾ, തെരഞ്ഞെടുക്കപ്പെട്ട ഡീക്കൻമാർ (മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പ്രത്യേക നിയമസംഹിത CPCSMCC), മേജർ അതിഭദ്രാസന അതിർത്തിയിൽ ഭവനങ്ങളുള്ള സന്യാസ സമൂഹങ്ങളുടെ സുപ്പീരിയേഴ്സിന്റെ പ്രതിനിധികൾ, ഭക്തസംഘടനകളുടെ മേജർ അതിഭദ്രാസനതല ഡയക്ടർമാർ, പ്രസിഡന്റുമാർ, അജപാലന സമിതി തെരഞ്ഞെടുക്കുന്ന അല്മായ പ്രതിനിധികൾ (ഓരോ വൈദികജില്ലയിൽ നിന്നും 4 അൽമായ പ്രതിനിധികൾ, ഇതിൽ 2 പേർ വനിതകളായിരിക്കണം), മേജർ അതിഭദ്രാസനാദ്ധ്യക്ഷൻ നാമനിർദ്ദേശം ചെയ്യുന്നവർ, ഇവരാണ് മേജർ അതിഭദ്രാസന അസംബ്ലിയിൽ അംഗങ്ങളാകുവാൻ നൈയാമികമായി യോഗ്യതയും കടമയും ഉള്ളവർ. വൈദിക ജില്ലകളിൽ നിന്ന് തെരഞ്ഞെടുക്കേണ്ട 4 പ്രതിനിധികളെ (2 പുരുഷൻമാർ + 2 സ്ത്രീകൾ) തെരഞ്ഞെടുത്ത് അവരുടെ മേൽവിലാസം ചാൻസിലർ ഓഫീസിൽ അറിയിക്കേണ്ടതാണ്.

മേജർ അതിഭദ്രാസന അസംബ്ലി ഗൗരവമായ ഒരു ഉത്തരവാദിത്തമാണ് അംഗങ്ങൾക്ക് നൽകുന്നത്. മേജർ അതിഭദ്രാസന അസംബ്ലിയുടെ അദ്ധ്യക്ഷൻ മേജർ അതിഭദ്രാസനാദ്ധ്യക്ഷനാണ്. അതീവ ഗൗരവമുള്ള അസൗകര്യങ്ങൾ ഉള്ളപ്പോൾ മേജർ അതിഭദ്രാസനാദ്ധ്യക്ഷന്റെ രേഖാമൂലമുള്ള അനുവാദത്തോടെ മാത്രമേ അസംബ്ലിയിലെ അംഗങ്ങൾ മാറിനിൽക്കാൻ പാടുള്ളൂ. അസംബ്ലിയിലേക്ക് ഉദ്യോഗവശാൽ (Ex-offico) അംഗങ്ങളായവരേയും തെരഞ്ഞെടുക്കപ്പെടുന്നവരെയും ഞാൻ